(ബി) പത്ര-ദൃശ്യ മാധ്യമങ്ങൾക്കും, പരസ്യ/മാനേജ്മെന്റ്/ഇതര ഏജൻസികൾക്കുമായി ഏതെല്ലാം ഇനത്തിൽ എത്ര തുക വീതം നൽകേണ്ടതായിട്ടുണ്ട്; ഇതിനകം നൽകിയ തുക എത്ര;

(സി) റൺ കേരള റൺ പരിപാടിയുമായി ബന്ധപ്പെട്ട് തയ്യാറാക്കപ്പെട്ട ബഡ്ജറ്റിൽ എത്ര തുക ഏതെല്ലാം ഇനത്തിൽ പ്രതീക്ഷിച്ചിട്ടുണ്ടായിരുന്നു; യഥാർത്ഥത്തിൽ പ്രതീക്ഷിക്കുന്ന ചെലവ് എത്ര; വിശദമാക്കുമോ?

ഉത്തരം

(എ) ആകെ 10,61,79,990 രൂപയ്ക്കാണ് റൺ കേരള റൺ നടത്തിപ്പിനുള്ള കരാർ നൽകിയത്. അതിൽ 4,24,71,996 രൂപ ആകൃിവേഷൻ ചാർജ്ജും ബാക്കി പരസ്യ പ്രചാരണത്തിനുള്ള തുകയുമാണ്. ആകൃിവേഷൻ ചാർജ്ജിനത്തിൽ 3.19 കോടി രൂപ ചെലവായിട്ടുണ്ട്.

(ബി) ഈയിനത്തിൽ ബില്ലുകൾ പരിശോധിച്ചുവരുന്നതേയുള്ളൂ. തുക അനുവദിച്ചിട്ടില്ല.

(സി) ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുകയുടെ വിശദാംശം താഴെപ്പറയും പ്രകാരമാണ്.

1. ആകൃിവേഷൻ ചാർജ്ജ് - 4.25 കോടി
2. പരസ്യപ്രചാരണത്തിന് - 4.37 കോടി
3. ഗെയിംസിന്റെ പ്രചാരണം വർദ്ധിപ്പിക്കുന്നതിനും റൺ കേരള റൺ പരിപാടിയുമായി ബന്ധപ്പെടുത്തി പരസ്യവിപുലീകരണത്തിന് - 8.88 കോടി

ആകെ - 17.50 കോടി

പ്രതീക്ഷിച്ച ചെലവ് 17.50 കോടി രൂപയാണെങ്കിലും ബില്ലുകൾ ലഭിച്ച് പരിശോധിച്ച ശേഷമേ അന്തിമ ചെലവ് നിശ്ചയിക്കുവാൻ കഴിയൂ.

ദേശീയ ഗെയിംസ്

272 (278) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസിന്റെ വിജയകരമായ പരിസമാപ്തി കേരളത്തിന്റെ സ്പോർട്സ് മേഖലയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ ഗെയിംസിനായി വാങ്ങിയ ഉപകരണങ്ങളും സജ്ജീകരണങ്ങളും സ്പോർട്സിന്റെ വികസനത്തിന് എങ്ങനെ പ്രയോജനപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) ദേശീയ ഗെയിംസിന്റെ കണക്കുകൾ സുതാര്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കായിക കേരളത്തിന്റെ അഭിമാനമായി മാറിയ 35-ാം ദേശീയ ഗെയിംസിൽ മെഡൽ നിലയിൽ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ 54 സ്വർണ്ണം ഉൾപ്പെടെ 162 മെഡലുകളോടെ കേരളം ഒന്നാമതെത്തിയത് കായികമേഖലയ്ക്ക് ഒരു നവോന്മേഷം പകർന്നിരിക്കുകയാണ്. അന്താരാഷ്ട്ര നിലവാരമുള്ള കളിയിടങ്ങൾ സജ്ജമാകുകയും കായിക ഉപകരണങ്ങൾ ലഭ്യമാകുകയും ചെയ്തതിലൂടെ ഭാവിയിൽ കായികതാരങ്ങൾക്ക് യഥേഷ്ടം പരിശീലനം നടത്താനും ഇതര അന്താരാഷ്ട്ര മത്സരങ്ങളിൽ നേട്ടങ്ങൾ കരസ്ഥമാക്കുവാനും അവസരമൊരുങ്ങി. 9 പുതിയ സ്റ്റേഡിയങ്ങളും 17 നവീകരിച്ച സ്റ്റേഡിയങ്ങളും കായിക ഉപകരണങ്ങളും 35-ാമത് ദേശീയ ഗെയിംസിലൂടെ കേരളത്തിന്റെ കായിക മേഖലയ്ക്ക് കൈമുതലായി ഭവിച്ചതിനാൽ അന്താരാഷ്ട്ര മത്സരങ്ങളിൽ മികച്ച വിജയം നേടുന്നതിന് കേരള താരങ്ങളെ പ്രാപ്തമാക്കും. ഫുട്ബോൾ, ക്രിക്കറ്റ്, ടെന്നീസ്, ഹോക്കി, വോളിബോൾ, സ്വിമ്മിംഗ്, ഷൂട്ടിംഗ് തുടങ്ങിയ ഇനങ്ങളിലെ അന്താരാഷ്ട്ര മത്സരങ്ങൾക്ക് സമീപ ഭാവിയിൽ ഈ സ്റ്റേഡിയങ്ങൾ വേദികളാകുന്നതിലൂടെ ഈ ഇനങ്ങളിൽ കേരളത്തിലെ കായിക താരങ്ങൾക്കും പൊതുജനങ്ങൾക്കും പുതിയ ഉണർവ് കൈവരുന്നതാണ്.

(സി) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട കണക്കുകൾ www.kerala2015.com എന്ന വെബ്സൈറ്റിൽ തുടക്കം മുതൽ പ്രതിമാസം അപ്ലോഡ് ചെയ്യാറുണ്ട്. 31-1-2015 വരെയുള്ള ഇനം തിരിച്ചുള്ള വരവു-ചെലവു കണക്കുകൾ വെബ്സൈറ്റിൽ ലഭ്യമാണ്. കണക്കുകൾ ഇന്റേണൽ ഓഡിറ്റിംഗിനും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗിനും വിധേയമാക്കുന്നു. കൂടാതെ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന്റെ സമഗ്രമായ ഓഡിറ്റ് 2015 ഫെബ്രുവരി 25 മുതൽ ആരംഭിച്ചിട്ടുണ്ട്.

ദേശീയ ഗെയിംസ് സംബന്ധിച്ച സാമ്പത്തിക ക്രമക്കേടുകൾ

273 (279) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയ ഗെയിംസ് സംബന്ധിച്ച് സാമ്പത്തിക ക്രമക്കേടുകൾ ഉണ്ടായതായി പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ഇക്കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടത്താൻ ആലോചിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly